പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 48

# 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 48

# 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ

1552/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 48

# 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ

1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1980-ലെ കേരള സമുദ്രമത്സ്യബന്ധന നിയന്ത്രണ ആക്ട് (1981-ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2020 ഒക്ടോബർ 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. പീഠികയുടെ ഭേദഗതി.—1980-ലെ കേരള സമുദ്രമത്സ്യബന്ധന നിയന്ത്രണ ആക്ടിന്റെ (1981-ലെ 10) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) പീഠികയിൽ, "മത്സ്യബന്ധനം നടത്തുന്നതിനും" എന്ന വാക്കുകൾക്ക് ശേഷം "അതുപോലെ മത്സ്യബന്ധന നൗകകളിലെ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്ടിലെ 5-ാം വകുപ്പിനെ, 4 എ വകുപ്പായി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്ത 4 എ വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതുമാണ്, അതായത്:—

"5. മത്സ്യബന്ധന നൗകകളിൽ മത്സ്യത്തൊഴിലാളികളെ പരിമിതപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള അധികാരം.—ഒരു മത്സ്യബന്ധന നൗകയുടെ ഉടമ, 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ ആക്ടിൽ (1981-ലെ 7) നിർവ്വചിച്ചിട്ടു

1552/2021.

പോലെയുള്ള പ്രകാരമുള്ള ഒരു മത്സ്യത്തൊഴിലാളിയല്ലാത്തതും, മത്സ്യബന്ധനവകുപ്പ് നൽകിയ ബയോമെട്രിക് തിരിച്ചറിയൽ കാർഡ് ഇല്ലാത്തതുമായ യാതൊരാളെയും തന്റെ മത്സ്യബന്ധന നൗകയിൽ അനുവദിക്കാൻ പാടില്ലാത്തതാകുന്നു:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ ആധാർ കാർഡോ 2010-ലെ കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ കൈവശമുള്ള തൊഴിലാളികളെ മത്സ്യബന്ധന നൗകകളിൽ ജോലി ചെയ്യിക്കുന്നതിൽ നിന്നും മത്സ്യബന്ധന നൗകയുടെ ഉടമയെ തടയുന്നതല്ല:

എന്നുമാത്രമല്ല ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ ആധാർ കാർഡ് കൈവശമുള്ള ലൈസൻസുള്ള ബോട്ട് ജോലിക്കാരെ സമുദ്രത്തിൽ മത്സ്യബന്ധന നൗക പ്രവർത്തിപ്പിക്കുന്ന ജോലി ചെയ്യിപ്പിക്കുന്നതിൽ നിന്ന് ഒരു മത്സ്യബന്ധന നൗകയുടെ ഉടമയെ തടയുന്നതല്ല.

5 എ. മത്സ്യബന്ധനം അല്ലാതെയുള്ള മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് മത്സ്യബന്ധന നൗക ഉപയോഗിക്കുന്നതിനുള്ള നിരോധനം.—ഒരു മത്സ്യബന്ധന നൗകയുടെ ഉടമ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയില്ലാതെ, മത്സ്യബന്ധനമല്ലാതെയുള്ള മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി മത്സ്യബന്ധന നൗക ഉപയോഗിക്കുകയോ ഉപയോഗിക്കുവാൻ ഇടയാക്കുകയോ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.".

4. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 17-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിനും അതിന്റെ (എ)-യും (ബി)-യും ഖണ്ഡങ്ങൾക്കും പകരം താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"(1) അഡ്ജുഡിക്കേറ്റിംഗ് ആഫീസർ, 16-ാം വകുപ്പുപ്രകാരമുള്ള അന്വേഷണ ത്തിനുശേഷം,—

(എ) ഒരു മത്സ്യബന്ധന നൗകയുടെ ഉടമസ്ഥൻ/ മാസ്റ്റർ 4 എ, 7 അല്ലെങ്കിൽ 9 വകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെന്നു കണ്ടെത്തുന്നപക്ഷം, അയാൾ താഴെപ്പറയുന്ന പിഴശിക്ഷക്കു ബാധ്യസ്ഥനായിരിക്കുന്നതാണ്, അതായത്:—

(i) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി പത്ത് എച്ച്.പി. വരെ ആണെങ്കിൽ അയ്യായിരം രൂപ;

(ii) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി പത്ത് എച്ച്.പി.ക്ക് മുകളിലും ഇരുപത്തിയഞ്ച് എച്ച്.പി. വരെയും ആണെങ്കിൽ പതിനായിരം രൂപ;

(iii) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി ഇരുപത്തിയഞ്ച് എച്ച്.പി.ക്ക് മുകളിലും അമ്പത് എച്ച്.പി. വരെയും ആണെങ്കിൽ ഇരുപത്തയ്യായിരം രൂപ;

(iv) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി അമ്പത് എച്ച്.പി.ക്ക് മുകളിലും തൊണ്ണൂറ് എച്ച്.പി. വരെയും ആണെങ്കിൽ, അമ്പതിനായിരം രൂപ;

(v) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി തൊണ്ണൂറ് എച്ച്.പി.ക്ക് മുകളിലും നൂറ്റി ഇരുപത് എച്ച്.പി. വരെയും ആണെങ്കിൽ, തൊണ്ണൂറായിരം രൂപ;

(vi) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി നൂറ്റി ഇരുപത് എച്ച്.പി.ക്ക് മുകളിലും നൂറ്റി അമ്പത് എച്ച്.പി. വരെയും ആണെങ്കിൽ, ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ;

(vii) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി നൂറ്റി അമ്പത് എച്ച്.പി.ക്ക് മുകളിലും ഇരുനൂറ് എച്ച്.പി. വരെയും ആണെങ്കിൽ, ഒരു ലക്ഷത്തി അമ്പതിനായിരം രൂപ;

(viii) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി ഇരുനൂറ് എച്ച്.പി.യ്ക്ക് മുകളിലും ഇരുനൂറ്റി എൺപത് എച്ച്.പി. വരെയും ആണെങ്കിൽ, രണ്ട് ലക്ഷം രൂപ; കൂടാതെ

(ix) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി ഇരുനൂറ്റി എൺപത് എച്ച്.പി.യ്ക്ക് മുകളിലാണെങ്കിൽ, രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ;

(ബി) ഏതൊരാളും 4എ, 5എ അല്ലെങ്കിൽ 9 എന്നീ വകുപ്പുകളുടെയോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ, പുറപ്പെടുവിച്ച ഉത്തരവിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി, മോട്ടോർ ഘടിപ്പിക്കാത്ത മത്സ്യബന്ധന നൗക ഉപയോഗിക്കുകയോ ഉപയോഗിക്കാൻ ഇടയാക്കുകയോ അനുവദിക്കുകയോ ചെയ്യുകയാണെങ്കിൽ അയ്യായിരം രൂപ പിഴശിക്ഷയ്ക്ക് ബാധ്യസ്ഥനായിരിക്കുന്നതാണ്.

(ii) (സി) ഖണ്ഡം ഒഴിവാക്കേണ്ടതും ശേഷിക്കുന്ന ഖണ്ഡങ്ങൾ അതിനനുസരിച്ച് പുനരക്ഷരം ചെയ്യേണ്ടതുമാണ്;

(iii) അപ്രകാരം പുനരക്ഷരം ചെയ്ത (സി) ഖണ്ഡത്തിൽ "ഏതെങ്കിലും ബോട്ട് നിർമ്മാണ യാർഡ് ആണെങ്കിൽ" എന്ന വാക്കുകൾക്ക് പകരം "ഏതെങ്കിലും ബോട്ട് നിർമ്മാണ യാർഡ് ഉപയോഗിക്കുകയോ, ഉപയോഗിക്കാൻ ഇടയാക്കുകയോ അനുവദിക്കുകയോ ചെയ്താൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iv) അപ്രകാരം പുനരക്ഷരം ചെയ്ത (ഡി) ഖണ്ഡത്തിൽ "ഏതെങ്കിലും മത്സ്യബന്ധന വലനിർമ്മാണ യൂണിറ്റ് ആണെങ്കിൽ" എന്നീ വാക്കുകൾക്ക് പകരം "ഏതെങ്കിലും മത്സ്യബന്ധന വലനിർമ്മാണ യൂണിറ്റ് ഉപയോഗിക്കുകയോ, ഉപയോഗിക്കാൻ ഇടയാക്കുകയോ അനുവദിക്കുകയോ ചെയ്താൽ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(v) (4)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

" (4 എ) 5-ാം വകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ആയിരം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്ക് ബാധ്യസ്ഥനായിരിക്കുന്നതാണ്:

എന്നാൽ രണ്ടാമത്തെ കുറ്റത്തിന്റെ കാര്യത്തിൽ രണ്ടായിരം രൂപ വരെ പിഴയും തുടർന്നുള്ള കുറ്റങ്ങൾക്ക് അയ്യായിരം രൂപ വരെ പിഴയും വർദ്ധിപ്പിക്കാവുന്നതാണ്.

(4 ബി) 5 എ വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും 17-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (എ)-യും (ബി)-യും ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള പിഴശിക്ഷയ്ക്ക് ബാധ്യസ്ഥനായിരിക്കുന്നതാണ്:

എന്നാൽ രണ്ടാമത്തെ അല്ലെങ്കിൽ തുടർന്നുള്ള കുറ്റത്തിന്, നൗകയുടെ രജിസ്ട്രേഷനും ലൈസൻസും റദ്ദാക്കേണ്ടതും മത്സ്യബന്ധന നൗക കണ്ടുകെട്ടേണ്ടതുമാണ്.

(4 സി) ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും, ആ കുറ്റത്തിന് യാതൊരു പിഴയും ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടില്ലായെങ്കിൽ, അയ്യായിരം രൂപ വരെയാകാവുന്ന പിഴക്ക് ശിക്ഷിക്കപ്പെടേണ്ടതാണ്.".

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ഓർഡിനൻസ് (2021-ലെ 110) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തിന്റെ തീരരേഖയിലുള്ള സമുദ്രത്തിൽ മത്സ്യബന്ധന നൗകകളെ നിയന്ത്രിക്കുന്നതിനായി 1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്ട് പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനത്തിനുള്ള പിഴ നിരക്ക് വർദ്ധിപ്പിച്ച് 2017-ൽ ഈ ആക്റ്റ് ഭേദഗതി ചെയ്തിരുന്നു. എന്നാൽ അപ്രകാരം വർദ്ധിപ്പിച്ച പിഴനിരക്ക് കുറയ്ക്കണമെന്ന് മത്സ്യത്തൊഴിലാളി സമൂഹം സർക്കാരിനോട് അഭ്യർത്ഥിച്ചു. വർദ്ധിപ്പിച്ച പിഴനിരക്ക് കുറയ്ക്കണമെന്നുള്ള അവരുടെ അഭ്യർത്ഥന പരിഗണിച്ച് ആക്റ്റിന്റെ 17-ാം വകുപ്പിൽ ഭേദഗതി വരുത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു.

2. മത്സ്യബന്ധന നൗകകളിൽ മത്സ്യത്തൊഴിലാളികളെ നിയന്ത്രിക്കുന്നതിനും സർക്കാർ തീരുമാനിക്കുകയുണ്ടായി. 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമസംഘങ്ങൾ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികളെയും സാധുവായ തിരിച്ചറിയൽ കാർഡുള്ള തൊഴിലാളികളെയും മാത്രമാണ് മത്സ്യബന്ധന നൗകയിൽ അനുവദിച്ചിട്ടുള്ളത്. ഇതിനായി ഒരു പുതിയ വകുപ്പ് പ്രധാന ആക്റ്റിൽ 5-ാം വകുപ്പായി ഉൾപ്പെടുത്തുകയും നിലവിലുള്ള 5-ാം വകുപ്പ് 4(എ) വകുപ്പായി പുനരക്കം ചെയ്യുകയും ചെയ്യുന്നു. പ്രസ്തുത വകുപ്പിന്റെ ലംഘനത്തിനുള്ള പിഴശിക്ഷ, പുതിയ വകുപ്പ് 17 (4 എ) പ്രകാരം വ്യവസ്ഥ ചെയ്യുന്നു. മത്സ്യബന്ധനത്തിനല്ലാതെ ക്രിമിനൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായും മത്സ്യബന്ധന നൗകകൾ ഉപയോഗിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ, മത്സ്യബന്ധനത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്കായുള്ള മത്സ്യബന്ധന നൗകകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും അത്തരം നിയന്ത്രണങ്ങൾ ലംഘിച്ച് നൗകകൾ ഉപയോഗിക്കുന്നതിന് പിഴ ചുമത്തുന്നതിനുമായി പുതിയ 5 എ വകുപ്പ് ചേർക്കുന്നതിനും ആക്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2020-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ഓർഡിനൻസ് (2020-ലെ 71) 2020 ഒക്ടോബർ

മാസം 4-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 ഒക്ടോബർ 5-ാം തീയതിയിലെ 2264-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 71-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2020 ഡിസംബർ 31-ാം തീയതി ആരംഭിച്ച് അന്നേ ദിവസം അവസാനിച്ച സമ്മേളനത്തിലും (പ്രത്യേക സമ്മേളനം); 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ചതുമായ കേരള നിയമസഭയുടെ സമ്മേളനക്കാലത്തും അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞിരുന്നില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ഓർഡിനൻസ് 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 10-ാം തീയതിയിലെ 676-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 25-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനക്കാലത്തും അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞിരുന്നില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ഓർഡിനൻസ് 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 3-ാം തീയതിയിലെ 1942-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 81-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനക്കാലത്തും അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

8. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ഓർഡിനൻസ് 2021 ആഗസ്റ്റ്

23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 26-ാം തീയതിയിലെ 2502-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 110-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. 2021-ലെ 110-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

**സജി ചെറിയാൻ.**

(ശരി തർജ്ജമ)

# 1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്റ്റിൽ (1981-ലെ 10) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

പീഠിക.—മത്സ്യ ബന്ധന നൗകകൾക്ക് സംസ്ഥാനത്തെ തീരരേഖയിലുള്ള സമുദ്രത്തിൽ മത്സ്യബന്ധനം നടത്തുന്നതിനും ബോട്ട് നിർമ്മാണ യാർഡിന്റെയും മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റിന്റെയും രജിസ്ട്രേഷൻ, മത്സ്യബന്ധന മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണം, അവയുമായി ബന്ധപ്പെട്ടതോ അവയ്ക്ക് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നത് ആവശ്യമായിരിക്കുകയാൽ;

** ** ** **

5. 4-ാം വകുപ്പിനു കീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിന് വിരുദ്ധമായി മത്സ്യബന്ധന നൗകയുടെ ഉപയോഗത്തിനുള്ള നിരോധനം.—ഒരു മത്സ്യബന്ധന നൗകയുടെ യാതൊരു ഉടമസ്ഥനും അല്ലെങ്കിൽ യജമാനനും അങ്ങനെയുള്ള മത്സ്യബന്ധന നൗക 4-ാം വകുപ്പിനുകീഴിൽ പുറപ്പെടുവിച്ച ഒരു ഉത്തരവിനു വിരുദ്ധമായി ഏതെങ്കിലും തരത്തിൽ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുകയോ ഉപയോഗിക്കുന്നതിന് ഇടനൽകുകയോ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

എന്നാൽ അങ്ങനെയുള്ള ഉത്തരവിലെ യാതൊന്നും മത്സ്യബന്ധന നൗകയുടെ തീരത്തുനിന്നോ തീരത്തേക്കോ, ഏതെങ്കിലും വിനിർദ്ദേശിക്കപ്പെട്ട പ്രദേശത്തിലൂടെ അവിടെ നിന്നോ, അല്ലെങ്കിൽ അവിടേയ്ക്കോ മത്സ്യബന്ധനാവശ്യത്തിലേയ്ക്കായുള്ള വിനിർദ്ദേശിക്കപ്പെട്ട പ്രദേശമല്ലാത്ത അങ്ങനെയുള്ള മറ്റ് ഏതെങ്കിലും പ്രദേശത്തേയ്ക്കോ ഉള്ള ഏതെങ്കിലും മത്സ്യബന്ധന നൗകയുടെ അല്ലെങ്കിൽ മറ്റേതെങ്കിലും ആവശ്യത്തിലേയ്ക്കോ ഗതി തടസ്സപ്പെടുത്തുന്നതായി വ്യാഖ്യാനിക്കാൻ പാടുള്ളതല്ല.

എന്നിരുന്നാലും ഏതെങ്കിലും വിനിർദ്ദേശിക്കപ്പെട്ട പ്രദേശത്തു കൂടിയുള്ള അങ്ങനെയുള്ള മത്സ്യബന്ധന നൗകയുടെ ഗതി, ആ വിനിർദ്ദേശിക്കപ്പെട്ട പ്രദേശത്തു കെട്ടുമരമോ, നാടൻ വള്ളമോ തോണിയോ പോലുള്ള ഏതെങ്കിലും പരമ്പരാഗത മത്സ്യബന്ധനയാനം ഉപയോഗിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആളുടെ ഏതെങ്കിലും മത്സ്യബന്ധന വലകൾക്കോ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾക്കോ യാതൊരു വിധത്തിലുള്ള കേടുകളും വരുത്തുവാൻ പാടുള്ളതല്ല.

** ** ** **

17. പിഴ:—(1) അഡ്ജ്യൂഡിക്കേറ്റിംഗ് ഓഫീസർ, 16-ാം വകുപ്പിൻ കീഴിലുള്ള അന്വേഷണത്തിന് ശേഷം ഏതെങ്കിലും ഒരു വ്യക്തി ഉപയോഗിച്ചെന്നോ അല്ലെങ്കിൽ ഉപയോഗിക്കുവാൻ കാരണമായെന്നോ അല്ലെങ്കിൽ ഉപയോഗിക്കുവാൻ അനുവദിക്കപ്പെട്ടെന്നോ കണ്ടെത്തിയാൽ,—

(എ) ഈ ആക്ടിലെ 5-ാം വകുപ്പിന്റെയോ 7-ാം വകുപ്പിന്റെയോ, അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ, പുറപ്പെടുവിച്ച ഉത്തരവിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി, ഒന്നായോ കൂട്ടായോ 100 കുതിരശക്തിയിലോ അതിന് മുകളിലോ ഉള്ള എഞ്ചിൻ ഘടിപ്പിച്ച ഏതെങ്കിലും മത്സ്യബന്ധന നൗക അല്ലെങ്കിൽ ഏതെങ്കിലും യന്ത്രവൽക്കരിച്ച മത്സ്യബന്ധന നൗക ആണെങ്കിൽ, രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ പിഴയ്ക്ക് ബാധ്യസ്ഥനായിരിക്കുന്നതും;

(ബി) ഈ ആക്ടിലെ 5-ാം വകുപ്പിന്റെയോ 7-ാം വകുപ്പിന്റെയോ, അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ പുറപ്പെടുവിച്ച ഉത്തരവിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി, ഒന്നായോ കൂട്ടായോ 10 കുതിരശക്തിക്കും 100 കുതിരശക്തിക്കും ഇടയിലുള്ള എഞ്ചിൻ ഘടിപ്പിച്ച ഏതെങ്കിലും യന്ത്രവൽകൃതമല്ലാത്ത മത്സ്യബന്ധന നൗകയാണെങ്കിൽ ഒരു ലക്ഷം രൂപ പിഴയ്ക്ക് ബാധ്യസ്ഥനായിരിക്കുന്നതും;

(സി) ഈ ആക്ടിലെ 5-ാം വകുപ്പിന്റെയോ 7-ാം വകുപ്പിന്റെയോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ പുറപ്പെടുവിച്ച ഉത്തരവിലേയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി 10 കുതിരശക്തിക്കോ അതിന് താഴെയോ ഉള്ള എഞ്ചിൻ ഘടിപ്പിച്ച ഏതെങ്കിലും മോട്ടോർ ഘടിപ്പിക്കാത്ത മത്സ്യബന്ധന നൗക അല്ലെങ്കിൽ മോട്ടോർ ഘടിപ്പിച്ച മത്സ്യബന്ധന നൗകയാണെങ്കിൽ, പതിനായിരം രൂപ പിഴയ്ക്ക് ബാധ്യസ്ഥൻ ആയിരിക്കുന്നതും;

(ഡി) ഈ ആക്ടിലെ 9 സി വകുപ്പിന്റെയോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ, പുറപ്പെടുവിച്ച ഉത്തരവിലേയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി, അല്ലെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയോ ലൈസൻസിന്റെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും ബോട്ട് നിർമ്മാണ യാർഡ് ആണെങ്കിൽ, രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ പിഴയ്ക്ക് ബാധ്യസ്ഥമായിരിക്കുന്നതും;

(ഇ) ഈ ആക്ടിലെ 9 എഫ് വകുപ്പിന്റെയോ, അല്ലെങ്കിൽ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ, പുറപ്പെടുവിച്ച ഉത്തരവിലെയോ വ്യവസ്ഥകൾക്ക്

വിരുദ്ധമായി, അല്ലെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയോ ലൈസൻസിന്റെയോ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും മത്സ്യബന്ധ വലനിർമ്മാണ യൂണിറ്റ് ആണെങ്കിൽ, രണ്ടുലക്ഷത്തി അൻപതിനായിരം രൂപ പിഴയ്ക്ക് ബാധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ, ഈ ഉപവകുപ്പിൻകീഴിലുള്ള പിഴ അതേ കുറ്റത്തിന് ഒരാളിൽ രണ്ടാം തവണയോ അല്ലെങ്കിൽ തുടർച്ചയായോ ചുമത്തുന്നപക്ഷം അങ്ങനെയുള്ള ആൾ ആ കുറ്റകൃത്യത്തിന് നിശ്ചയിച്ചിട്ടുള്ള പിഴ തുകയുടെ രണ്ട് ഇരട്ടി നൽകി ശിക്ഷിക്കപ്പെടേണ്ടതും രജിസ്ട്രേഷനോ ലൈസൻസോ രണ്ടുംകൂടിയോ താൽക്കാലികമായി നിർത്തലാക്കുന്നതോ റദ്ദ് ചെയ്യുന്നതോ ആണ്.

എന്നുമാത്രമല്ല, ഈ ഉപവകുപ്പിൻ കീഴിൽ ചുമത്തപ്പെട്ട പിഴ അയാൾ ഒടുക്കാതെ വന്നാൽ മത്സ്യബന്ധന നൗക പിടിച്ചെടുക്കേണ്ടതും ബോട്ട് നിർമ്മാണ യാർഡിന്റെയും വലനിർമ്മാണ യൂണിറ്റിന്റെയും കാര്യത്തിൽ, നിർണ്ണയിക്കപ്പെട്ട രീതിയിൽ ശരിയായ നോട്ടീസ് നല്കിയതിനുശേഷം, അതത് സംഗതിപോലെ, ഇവ സീൽ ചെയ്യുകയും, കണ്ടുകെട്ടുകയും ചെയ്യേണ്ടതും അല്ലെങ്കിൽ ജപ്തി ചെയ്ത് സർക്കാരിലേക്ക് വകചേർത്ത് വിൽക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ചുമത്താവുന്ന പിഴയ്ക്ക് പുറമെ 14-ാം വകുപ്പ് പ്രകാരം പിടിച്ചെടുക്കുന്ന മത്സ്യം സർക്കാരിലേക്ക് കണ്ടുകെട്ടേണ്ടതാണ്.

(3) സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന തീയതിയിലും അതു മുതലും ഏതൊരു വ്യക്തിയും അങ്ങനെയുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന തരത്തിലുള്ള മത്സ്യബന്ധന നൗക,—

(എ) ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ് ഇല്ലാതെ;

(ബി) ജീവൻരക്ഷാ ഉപകരണങ്ങൾ ഇല്ലാതെ;

(സി) സാക്ഷ്യപ്പെടുത്തിയ സ്രാങ്ക് ഇല്ലാതെ;

(ഡി) സാക്ഷ്യപ്പെടുത്തിയ എഞ്ചിൻ ഡ്രൈവർ ഇല്ലാതെ;

(ഇ) സിഗ്നൽ കൊടിയും ലൈറ്റും ഇല്ലാതെ;

(എഫ്) കളർ കോഡിങ് ഇല്ലാതെ;

ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്.

(4) (3)- ാം ഉപവകുപ്പിന്റെ വ്യവസ്ഥകൾ ലംഘിക്കുകയും കുറ്റവാളിയാണെന്ന് കണ്ടെത്തുകയും ചെയ്യുന്ന ഏതൊരാളും,—

(എ) 10 കുതിരശക്തിയിലോ അതിന് താഴെയോ ഉള്ള എഞ്ചിൻ ഘടിപ്പിച്ച മോട്ടോർ ഘടിപ്പിക്കാത്ത മത്സ്യബന്ധന നൗകയുടെ സംഗതിയിൽ രണ്ടായിരത്തി അഞ്ഞൂറ് രൂപ പിഴ നൽകാൻ ബാധ്യസ്ഥനായിരിക്കുന്നതും;

(ബി) 10-നും 100 നും ഇടയിൽ കുതിരശക്തിയുള്ള എഞ്ചിൻ ഘടിപ്പിച്ച മത്സ്യബന്ധന നൗകയുടെ സംഗതിയിൽ പതിനായിരം രൂപ പിഴ നൽകാൻ ബാധ്യസ്ഥനായിരിക്കുന്നതും;

(സി) 100 കുതിരശക്തിക്കോ അതിനു മുകളിലോ ഉള്ള എഞ്ചിൻ ഘടിപ്പിച്ച നൗകയുടെ സംഗതിയിൽ ഇരുപത്തി അയ്യായിരം രൂപ പിഴ നൻകാൻ ബാധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിൻ കീഴിലുള്ള പിഴ അതേ കുറ്റത്തിന് ഒരാളിൽ രണ്ടാം തവണയോ അല്ലെങ്കിൽ തുടർച്ചയായോ ചുമത്തുന്നപക്ഷം അങ്ങനെയുള്ള ആൾ പിഴ തുകയുടെ രണ്ട് ഇരട്ടി നൽകിയും ലൈസൻസ് താൽക്കാലികമായി തടഞ്ഞുവച്ചോ റദ്ദ് ചെയ്തോ ശിക്ഷിക്കപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല ഈ ഉപവകുപ്പിൻ കീഴിൽ ചുമത്തപ്പെട്ട പിഴ അയാൾ ഒടുക്കാത്ത പക്ഷം മത്സ്യബന്ധന നൗക പിടിച്ചെടുക്കേണ്ടതാണ്.

(5) ഈ ആക്റ്റിൻ കീഴിൽ ചുമത്തപ്പെട്ട ഏതൊരു പിഴത്തുകയും അതു ഭൂമിയിൻമേലുള്ള പൊതു നികുതി കുടിശ്ശിക ആയിരുന്നെങ്കിലെന്നപോലെ ഈടാക്കാവുന്നതാണ്.

** ** ** **